കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി25-979/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം പാലക്കാട്,
തീയതി: 20.08.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**കൊല്ലങ്കോട് ബ്ലോക്ക്** പഞ്ചായത്ത്

സർ,

വിഷയം : **കൊല്ലങ്കോട് ബ്ലോക്ക്** പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊല്ലങ്കോട് ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

2. 1 സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
   2 അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
   3 കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി125-979/2019 തിയ്യതി: 20.08.2019

**<u>പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

# ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **കൊല്ലങ്കോട് ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2.11.2017 മുതൽ 04.05.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ വാസുദേവൻ<br>സീനീയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.05.2019 മുതൽ 16.05.2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി .പി.ജി.ബിന്ദു. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ ഹരിഗോബിന്ദ്.കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാരദതുളസീദാസ് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ എൻ.പി ചന്ദ്രൻ | 1-4-2017 മുതൽ 05.05.2017 വരെ |
| | ശ്രീ എൻ രാധാകൃഷ്ണൻ | 06.052017 മുതൽ 16.10.2017വരെ |
| | ശ്രീ.കെ എ.തോമസ് | 17.10.2017മുതൽ 31.03.2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ശ്രീമതി ലതാ കൃഷ്ണകുമാരി ടിവി | 1-4-2017മുതൽ 10.10.2017വരെ |
| | ശ്രീമതി ഷൈലജ ബി | 11.10.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC നന്ദിയോട് | ഡോ: വിനീത. ഇ | 1-4-2017മുതൽ 25-12-2017 വരെ |
| | ഡോ: ശബ്ന ടി എച്ച് | 26-12-2017മുതൽ 31.03-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC കൊടുവായൂർ | ഡോ:ശെൽവരാജൻ ജെ | 1-4-2017മുതൽ 31-07-2017വരെ |
| | ഡോ: സിന്ധു എം എ | 1-8-2017മുതൽ 31-03-2018വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മനോഹരൻ | 1-4-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | ശ്രീ. ഇ.എം ബാബു | 1-4-2017മുതൽ 14.11.2017 വരെ |
| | ശ്രീമതി മഞ്ജു എസ് പി | 15.11.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ സി ബി. മനോജ് | 1-4-2017മുതൽ 07.11.2017വരെ |
| | ശ്രീ ടി.കെ ഹരിദാസൻ | 08.11.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബ്രിൻസി മാണി | 1-4-2017മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| വ്യവസായ വികസന ഓഫീസർ | ശ്രീ.പി ദിലീപ് കുമാർ | 1-4-2017മുതൽ 31-3-2018 വരെ |
| സൂപ്രണ്ട് വൃദ്ധ വികലാംഗ സദനം | ശ്രീ.പി നാരായണൻ | 1-4-2017മുതൽ 31-3-2018 വരെ |

# ഭാഗം -1

# പൊതു അവലോകനം

# 1-1 ബജറ്റ്

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് .27.02.2018ലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി ഉൾപ്പെടെ ആകെ വരവ് 72,12,16,057/- രൂപയും ആകെ ചെലവ് 69,57,17,600/-രൂപയുമാണ്. എന്നാൽ യഥാർത്ഥത്തിലുള്ള വരവ് 18,71,58,229 രൂപയും ചെലവ് 11,94,48,023രൂപയുമാണ്. യഥാർത്ഥ വരവും ബഡ്ജറ്റും തമ്മിൽ ഭീമമായ അന്തരമുള്ളതായി കാണുന്നു.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 30.5.2018 |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 6.07.18മുതൽ 7.07.18 വരെ | കെ.എസ്.എ.പി.കെ.ഡി 21/1905(4)/18 തീയതി 29.09.18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,48,25,739 |
| വരവ് | 12,23,32,490 |
| | |

| | |
|---|---|
| ആകെ | 18,71,58,229 |
| ചെലവ് | 11,94,48,023 |
| നീക്കിയിരിപ്പ് | 6,77,10,206 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക /സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 4,23,77,901 | 4,23,77,901 | 4,21,12,901 | 2,65,000 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 2,69,19,334 | 2,69,19,334 | 1,80,91,786 | 88,27,548 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 3901000 | 3901000 | 1795316 | 2105684 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 54,05,681 | 54,05,681 | 48,18,166 | 5,87,515 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 3582000 | 3582000 | 3582000 | 3582000 |
| സാക്ഷരത | | 0 | 73800 | 73800 | 0 | 73800 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി.എസ്.സി | 17,416 | 48,267 | 65,683 | 50,151 | 15532 |
| | എസ് ജി എസ് വൈ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | എംപി/എം എൽഎ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | കേരളോ ത്സവം | ഇല്ല | 35,000 | ഇല്ല | 35,000 | ഇല്ല. |
| | ബി ആർ ജി എഫ് | 131939 | 15 | 132954 | 1000 | 131954 |
| | ഐ എ വൈ (ജനറൽ) | 293 | 33554124 | 67108541 | 496234425 | 7485099 |
| | ഐ | 319776 | 319776 | 319776 | 0 | 0 |
| | ഗ്രാമ | PMAY | * | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ടി എസ് ബി-44) | പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഷെയറുകൾ | (Gramin) ഭവനം | | | | | |
| | | PMAY (Gramin) ഭവനം | | | | | |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട്-ജനറൽ പർപ്പസ് ഗ്രാൻറ് &മറ്റുള്ളവ | 4249462 | 3582000 | 7831462 | 7075494 | 755968 | |

* വാർഷിക കണക്ക് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം33,87,500.00 രൂപ, 88,24,281.00 രൂപ എന്നിവ വരവുണ്ട്. എന്നാൽ ഇവ ഏതിനത്തിലാണെന്നോ, ഇവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ വേർതിരിച്ചുള്ള കണക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക ചേർത്തിട്ടില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 116949678 | 81 | 70522594 | 44 | 10 | 60.30% |

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 105173494 | 27231282 | 26% |
| സെക്രട്ടറി | 53732557 | 22797442 | 42% |
| പട്ടികജാതി വികസന ഓഫീസർ | 413000 | 410948 | 99% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2323150 | 2323150 | 100% |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 2465000 | 1805000 | 73% |
| കൃഷി അസി.ഡയറക്ടർ | 11246024 | 11246024 | 100% |

| | | | |
|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ | 7,00,000 | 7,00,000 | 100% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1,00,000 | 97,650 | 98% |
| സൂപ്രണ്ട്, വൃദ്ധ വികലാംഗ സ്ഥാപനം | 2,41,693 | 2,06,673 | 86% |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.05-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ഒന്നുമില്ലെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.12.2018 | 2017-18 | 6.3.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009-10 മുതൽ 2013-14 വരെ | 5.2.2015 |

# 1-9 വാർഷിക ധനകാര്യ പത്രികയിലുള്ള അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ.
സംയുക്ത പ്രോജക്ടുകൾക്കായുള്ള വിഹിതം സംബന്ധിച്ചുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

- ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.
- രേഖകളും രജിസ്റ്ററുകളും യഥാവിധി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്ത്, മറ്റ് ഏജൻസികൾ എന്നീയിനങ്ങളിൽ ലഭ്യമാകുന്ന തുകകളുടെ വിവരം സൂക്ഷിക്കേണ്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

- നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങൾ സ.ഉ.(പി) നം 259/2010/ ത.സ്വ.ഭ.വ തീ.08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരമാണെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.
- വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.
- വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് സർക്കാരിൽനിന്ന് ലഭ്യമായിട്ടുള്ള ഫണ്ടുകൾ ലാപ്സാകാതെ വിനിയോഗിക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## ഭാഗം-2

**ഒന്നുമില്ല**

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 STSB അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് തിരികെ അടവാക്കേണ്ടതാണ്.

2017 ജനുവരി 23 ലെ ജി.ഒ.(പി) നം.07/2017/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ജോയിന്റ് വെൻച്ചർ അക്കൗണ്ടിനായി STSBഅക്കൗണ്ട് ആരംഭിച്ച് ഒരു ഇൻസ്റ്റാൽമെന്റിൽ സെപ്റ്റംബർ 30 നുള്ളിൽ ഇതിനായി ലഭ്യമായ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ യഥാർത്ഥ ചെലവുകൾ ട്രഷറി കണക്കുകളുമായി അനുരഞ്ജനം ചെയ്ത് ഫെബ്രുവരി 28 നുള്ളിൽ യഥാർത്ഥ കണക്കുകളിലേക്ക് എത്തി ചേരേണ്ടതാണ്.വിനിയോഗിക്കാത്ത നീക്കിയിരിപ്പ് സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിച്ച് STSB അക്കൗണ്ട് “Zero Balance” ലേക്ക് എത്തി ചേരേണ്ടതാണെന്നും മേൽ ഉത്തരവ് നിഷ്കർഷിക്കുന്നു.എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ പറയുന്ന ശീർഷകത്തിൽ വിനിയാഗിക്കാതെ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട് :

| | |
|---|---|
| PNB – IAY(PLAN-67423) | 1,53,90,888/- |
| PNB – PLAN 59196 | 6,60,541/- |
| TREASURY SPECIAL TSB-JOINT VENTURE | 12,20,625 |

സർക്കാർ ഉത്തരവിലെ മേൽ വ്യവസ്ഥ പാലിക്കാത്ത സാഹചര്യത്തിനുള്ള രേഖാമൂലമുള്ള വിശദീകരണം ലെ അന്വേഷണ നം.11/13.5.2019 മുഖേന ആവശ്യപ്പെട്ടിരുന്നു .ആയതിനുള്ള വിശദീകരണം താഴെ പറയും പ്രകാരം ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട് .

ഐ.എ.വൈ. പ്ലാൻ അക്കൗണ്ടും (അക്കൗണ്ട് നം.67423 ) , ജോയിന്റ് വെൻച്ചർ അക്കൗണ്ടിനുമായി ആരംഭിച്ച STSBഅക്കൗണ്ടിലെ തുകകൾ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നിർമ്മാണ ഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ നൽകുവാനുള്ള തുകകളാണ്.

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വ്യത്യസ്ഥ ഘട്ടങ്ങളിലായതിനാൽ തുകകൾ പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.2011-12 ലെ കാലഘട്ടത്തിൽ SC വികസന വകുപ്പിൽ നിന്നും അധിക ധനസഹായമായി ലഭ്യമാക്കിയ ഒരു ലക്ഷം രൂപ അർഹതയുള്ള ഗുഭോക്താക്കൾക്ക് നൽകുവാനായി 2014-15 മുതൽ മേൽ സൂചിപ്പിച്ച അക്കൗണ്ടിൽ നിലനിൽകുന്നുണ്ട് .ആവശ്യമായ ധനസഹായം നൽകിയിട്ടും, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതുമായും അറിയിച്ചിട്ടുണ്ട്.പ്ലാൻ 59196 ലുള്ള നീക്കിരിപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്റ്റുകൾ പ്രകാരം വിനിയോഗം കഴിഞ്ഞ് അവശേഷിക്കുന്നതാണ്.ആയത് തിരികെ അടവാക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

പ്ലാൻ 59196 ,Joint Venture നമ്പറുള്ള STSB അക്കൗണ്ട് ,ഐ.എ വൈ.(പ്ലാൻ)67423), എന്നീ അക്കൗണ്ടുകളിലെ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകൾ തിരിച്ചടവാക്കേണ്ടതാണ്.തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-2 കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിനുള്ള ഐ.കെ.എം സ്പെസിഫിക്കേഷൻസ് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | SO152/18 |
| പേര് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്കായി വാങ്ങിയ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ | 1,11,700/-(മെയിന്റനൻസ് റോഡിതരം) |
| ബിൽ നം./ തിയതി | ചെലവ് |
| 36/17-18/11/01/2018 | 1,11,700/- |

KELTRON ൽ നിന്നും മേൽ സ്രോതസ്സ് മുഖേന വാങ്ങിയ കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങൾക്കുമായി KELTRON ന്റെ 010245049602 അക്കൗണ്ടിലേക്ക് 1,11.700/- രൂപ 11.01.2018 ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.30/11/2017ലെ TBG/17-18/54148TP/1847ഇൻവോയ്സ് പ്രകാരം വാങ്ങിയ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളുടേയും വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| Specifications | qnty | Value |
|---|---|---|
| KELTON PC with Intelcore 13 processor | 2 | 62,711 |
| Microsoft windows 10 proffessional 64 Bit | 2 | 19,491 |
| 600VA Offline UPS with Internal Battery warranty 1 year | 1 | 2,288 |
| Scanner cannon | 2 | 7,372 |
| Quick Heal Antivirus 3 user, 1 year Subscription | 3 | 2,796 |

| | | |
|---|---|---|
| warranty 1 year | | |
| Total | | 94,661 |
| GST | | 17,039 |
| Grand Total | | 1,11,700 |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്കായി വാങ്ങിയ മേൽ സൂചിത കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങൾക്കുമായി ലഭ്യമാക്കിയ ഐ.കെ.എം സ്പെസിഫിക്കേഷൻസിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.(10.05.2019 ലെ അന്വേഷണ നം.4)

ആയതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണം താഴെ ചേർക്കുന്നു :

ഐ.കെ.എം. ഉദ്യോഗസ്ഥരും, ടെക്ക്നിക്കൽ അസിസ്റ്റന്റിന്റേയും അഭിപ്രായവും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. ഇവരുടെ സഹകരണത്തോട് കൂടിയുമാണ് ആയത് ഘടിപ്പിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്.ഓഫീസ് ആവശ്യങ്ങൾക്കായി പ്രസ്തുത ഉപകരണങ്ങൾ ഉപയോഗപ്രദമാണെന്നും രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

26.08.2017 ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ പ്രസ്തുത സാഹചര്യങ്ങളിൽ താഴെ പറയുന്ന രീതിയിൽ നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് :

ഒരേ ടെണ്ടറിന് തന്നെ വ്യത്യസ്ഥ സ്ഥാപനങ്ങൾ വിവിധ രീതിയിൽ ടെണ്ടർ സമർപ്പിക്കുന്നതിനാൽ സാങ്കേതിക പരിശോധന നടത്തുന്നത് ബുദ്ധിമുട്ടേറിയതാകുന്നു.ആയതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തദ്ദേശസ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ പ്രസ്താവിച്ച രീതിയിലുള്ള അവയുടെ സ്പെസിഫിക്കേഷനുകളുടെ സാക്ഷ്യപത്രം കൂടെ ടെണ്ടറിന്റെ ഭാഗമായി വാങ്ങേണ്ടതാണെന്നറിയിച്ചിട്ടുണ്ട്.ഐ.കെ.എം. മിന്റെ സാങ്കേതിക പരിശോധന ആവശ്യമാണെങ്കിൽ മാത്രം ആയത് ഐ.കെ.എം. ലേക്ക് നൽകിയാൽ മതിയെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ KELTRON മുഖേന ലഭ്യമാക്കിയ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷൻസ് IKM നിർദ്ദേശിച്ച സ്പെസിഫിക്കേഷൻസും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്ന് തെളിയിക്കുന്ന

സാക്ഷ്യപത്രം IKMൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം സാഹചര്യങ്ങളിൽ മേൽ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്നുറപ്പ് വരുത്തുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ നിർവ്വഹിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0014/18 |
| പേര് | C.H.C നന്ദിയോട് ഇലക്ട്രിക്കൽ വർക്ക്സ് |
| അടങ്കൽ | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹിക്കാത്തതിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കിയത് താഴെ ചേർക്കുന്നു :

2016-17 ലെ ഈ പദ്ധതിക്ക് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും സാങ്കേതികാനുമതി സമയബന്ധിതമായി ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമായതിനാൽ 2017-18 ൽ സ്പിലേവറായി ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിരുന്നു.2017-18 ൽ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ഏറ്റെടുക്കുവാൻ ആരും തയ്യാറാവാത്തതിനാൽ നിർവ്വഹിക്കുവാൻ സാധ്യമായില്ല.2018-19 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ബജറ്റ് അലോക്കേഷനിൽ വീണ്ടും പ്രസ്തുത പദ്ധതിക്കായി വകയിരുത്തുവാൻ കഴിയാത്ത സാഹചര്യം സംജാതമായതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടതായി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (08.05.2019 ലെ അന്വേഷണം നമ്പർ 3)

III)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0166/17-18 |
| പേര് | LIFE PHASE - I ബ്ലോക്ക് വിഹിതം വകയിരുത്തുന്നത് (ജനറൽ) |
| അടങ്കൽ | 46,20,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

ബ്ലോക്ക് പഞ്ചായത്തിലെ ബാങ്ക് അക്കൗണ്ടിലെ 46,20,000/- രൂപ പലിശ മാത്രം വകയിരുത്തിയ പദ്ധതിയാണ്.2018-19 വർഷത്തിൽ 63,94,228/- രൂപ ഉൾപ്പെടുത്തി

46,64,788/- രൂപ ആയതിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

IV)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO168/17-18 |
| പേര് | LIFE PHASE - I ഗ്രാമപഞ്ചായത്തിന് വിഹിതം വകയിരുത്തുന്നത് (ജനറൽ) |
| അടങ്കൽ | 4,80,000/- (വികസന ഫണ്ട് ) |

വടവന്നൂർ ഗ്രാമ പഞ്ചായത്തിനായി വകയിരുത്തിയ ഉപരി പദ്ധതി വിഹിതം പിന്നീട് പ്രസ്തുത പഞ്ചായത്ത് ആവശ്യപ്പെടാത്തതിനാൽ പദ്ധതി നിർവ്വഹിക്കുവാൻ സാധ്യമായില്ലായന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

മേൽ സൂചിത പ്രൊജക്റ്റുകളുടെ പരാജയം ഇവയ്ക്കായി വകയിരുത്തിയ സ്രോതസ്സ് മറ്റ് സാധ്യതകൾക്ക് വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയാണുണ്ടായത്.അടുത്ത സാമ്പത്തിക വർഷത്തിൽ സ്പിലോവറായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ബജറ്റ് അലോക്കേഷനിൽ വീണ്ടും ഉൾക്കൊള്ളിച്ച് അടങ്കൽ വകയിരുത്തിയെങ്കിൽ മറ്റ് പ്രൊജക്റ്റുകളുടെ അവസ്ഥ പ്രതിസന്ധിയിലാകുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടും.വികസന കാര്യ സ്റ്റൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയും, ഭരണസമിതി അംഗീകരിച്ചതിന് ശേഷമുള്ള കരട് പ്രൊജക്റ്റിന് അന്തിമ രൂപം നൽകുന്നതിന് മുമ്പ് തന്നെ പദ്ധതി നടപ്പിലാക്കാനാവശ്യമായ എല്ലാ ഘടകങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾക്ക് ഇത്തരം സാഹചര്യങ്ങൾ സംജാതമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഐ.എ.വൈ/പി.എം.എ.വൈ പദ്ധതികൾ പ്രകാരം ഭാഗികമായി ധനസഹായം കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ :

| ക്രമ നം. | പദ്ധതി | വർഷം | പഞ്ചായത്ത് | പേജ് നം | ഗുണഭോക്താവിന്റെ പേര് | കാറ്റഗറി | ആകെ തുക നൽകിയത് |
|---|---|---|---|---|---|---|---|
| 1 | IAY | 2012- | പെരുവമ്പ് | 142 | കുഞ്ച w/o | SC | 20,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 13 | | | ചാമി(late), പള്ളിക്കാട്, പെരുവമ്പ് | | |
| 2 | IAY | 2013-14 | പെരുവമ്പ് | 192 | ജയകൃഷ്ണൻ, s/o മണപ്പള്ളി, വാഴക്കോട്, പെരുവമ്പ് | SC | 17,500 |
| 3 | IAY | 2015-16 | പെരുവമ്പ് | 66 | വെള്ള, w/o ചാമി, നൃൾപറമ്പക്കാട്, പെരുവമ്പ് | SC | 17,500 |
| 4 | IAY | 2014-15 | കൊല്ലങ്കോട് | 15 | കുമാരി, w/o അസൊകാൻ, ഇടച്ചിറ, കൊല്ലങ്കോട്. | OC | 49,500 |
| 5 | IAY | 2014-15 | കൊല്ലങ്കോട് | 49 | സുനിത, w/o സുരന്ദരൻ, പത്തനാര, കൊല്ലങ്കോട് | SC | 17,500 |
| 6 | PMAY | 2016-17 | കൊല്ലങ്കോട് | 38 | ചന്ദ്രിക അലിയാസ് പൊന്നുക്കുട്ടി, w/o ചന്ദ്രൻ, തരകാലാം, പയല്ലൂർ, കൊല്ലങ്കോട് | SC | 48,000 |
| 7 | IAY | 2010-11 | പുതുനഗരം | 105 | പാറു, w/o ചാത്തൻ, വരിയതകാലാം, പുതുനഗരം | SC | 15,000 |
| 8 | IAY | 2011-12 | പുതുനഗരം | 6 | ശാന്തകുമാരി w/o കൃഷ്ണൻകുട്ടി, വിരിഞ്ചപാടം, പുതുനഗരം | SC | 80,000 |
| 9 | IAY | 2011-12 | പുതുനഗരം | 26 | തന്വജ, d/o മുഹമ്മദ് ഇബ്രാഹിം, ചിന്നപ്പള്ളി, വട്ടാരം, പുതുനഗരം | OC | 45,000 |
| 10 | PMAY | 2016-17 | പുതുനഗരം | 126 | രജിയ.കെ.എ., w/o മുസ്തഫ, കുട്ടസ്ട്രീറ്റ്, പുതുനഗരം | OC | 48,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | IAY | 2012-13 | വടവന്നൂർ | 74 | സരസ്വതി, w/o സുന്ദരൻ, മൂച്ചിക്കാട്, വടവന്നൂർ | OC | 1,37,375 |
| 12 | IAY | 2013-14 | വടവന്നൂർ | 91 | പാർവതി(L), w/o തെയ്യൻ മൂർകച്ചൻകുന്ന, പയ്യല്ലൂർമൊക്ക | SC | 17,500 |
| 13 | IAY | 2015-16 | വടവന്നൂർ | 6 | വത്സല w/o ചാമി, കൊല്ലംപൊറ്റ, വടവന്നൂർ | SC | 17,500 |

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത മേൽ സൂചിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം പലിശ സഹിതം തിരിച്ച് അടവാക്കണമെന്ന് നിർദ്ദേശിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഓഡിററിനെ അറിയിച്ചിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

# 3-5 ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്റ്റുകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

a)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0139/18 |
| പേര് | മരുതംപാടം S.C. കോളനി കുടിവെള്ള പദ്ധതി വടവന്നൂർ ഗ്രാമ പഞ്ചായത്ത് (ഡെപ്പോസിറ്റ് വർക്ക്) |
| വികസന ഫണ്ട്(പൊതു വിഭാഗം) | 5,00,000/- |
| ബിൽ നം./ തിയതി | ചെലവ് |
| 30/17-18/01/01/2018 | 5,00,000/- |

പ്രസ്തുത ഡെപ്പോസിറ്റ് വർക്കിനായി നെൻമാറയിലുള്ള KWAയുടെ കൽമണ്ഡപം ബ്രാഞ്ച് SBI യിലെ 067147990082 എന്ന അക്കൗണ്ടിലേക്ക് NEFT മുഖേന 5,00,000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.KWA 5,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തിലെ ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ ഗ്രേഡ് I മുഖേന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്. പദ്ധതി പൂർത്തീകരണ കാലയളവുൾപ്പെടുത്തി KWA യുമായി കരാർ ചമച്ചിട്ടില്ല. (11.05.2019 ലെ അന്വേഷണം നമ്പർ 6)

b)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0156/18 |
| പേര് | പാപ്പാൻപള്ളം S.C. കോളനി കുടിവെള്ള പദ്ധതി പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് (ഡെപ്പോസിറ്റ്.) |
| വികസന ഫണ്ട്(S.C.P) | 8,00,000 /- |
| അടങ്കൽ | 8,00,000/- |
| ബിൽ നം./ തിയതി | ചെലവ് |
| 33/17-18/11/01/2018 | 5,00,000/- |
| 42/17-18/16/02/2018 | 3,00,000/- |
| ആകെ | 8,00,000/- |

പ്രസ്തുത ഡെപ്പോസിറ്റ് വർക്കിനായി പാലക്കാട് കേരള ജല അതോറിറ്റിയിലേക്ക് കൽമണ്ഡപം SBI SME ബ്രാഞ്ചിലേക്ക് 8,00,000/- രൂപ NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.(അക്കൗണ്ട് നം.067147990082)കേരള ജല അതോറിറ്റി 22.11.2018 ലെ കെഡബ്ലിയുഎ/പി.എച്ച്.ഡി./പി.കെ.ഡി./യുസി/ജനറൽ നം.കത്ത് പ്രകാരം ജല ലഭ്യത കുറവാണെന്നും ആയത് പരിഹരിക്കുവാനായി ബോർവെൽ കുഴിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.പദ്ധതി പൂർത്തീകരണ കാലയളവുൾപ്പെടുത്തി KWA യുമായി കരാർ ചമച്ചിട്ടില്ല.

c)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0040/18 |
| പേര് | പട്ടഞ്ചേരി ഗ്രാമപഞ്ചായതതിലെ പാലോട് മാടശ്ശേരി കൊല്ലക്കൊളമ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ | 5,00,000/- വികസന ഫണ്ട്(എസ്.സി.പി) |
| ബിൽ നം./ തിയ്യതി | ചെലവ് |

| | |
|---|---|
| 41/17-18/16/02/2018 | 5,00,000/- |

പട്ടഞ്ചേരി ഗ്രാമപഞ്ചായതതിലെ പാലോട് മാടശ്ശേരി കൊല്ലക്കൊളമ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതി വിഹിതം ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി പാലക്കാട് കേരള ജല അതോറിറ്റിയിലേക്ക് കൽമണ്ഡപം SBI SME ബ്രാഞ്ചിലേക്കായി 5,00,000/- രൂപ അക്കൗണ്ട് നം.06714799082 ലേക്ക് NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.പദ്ധതി പൂർത്തീകരണ കാലയളവുൾപ്പെടുത്തി KWA യുമായി കരാർ ചമച്ചിട്ടില്ല.

d)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO117/18 |
| പേര് | ഇടുക്കപ്പാറ കുടിവെള്ള പദ്ധതി മുതലമട ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 4,00,000/- (തനത് ഫണ്ട്) |

KWAയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കൽമണ്ഡപം ശാഖയിലെ അക്കൗണ്ട് നമ്പറായ 67147990082 ലേക്ക് ചെക്ക് നം.149819 പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.പദ്ധതി പൂർത്തീകരണ കാലയളവുൾപ്പെടുത്തി KWA യുമായി കരാർ ചമച്ചിട്ടില്ല.

e)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO140/18 |
| പേര് | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 5,50,000(തനത് ഫണ്ട്) |

9.11.2017 ലെ ചെക്ക് നം.149819 പ്രകാരം 6147990082 അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.പദ്ധതി പൂർത്തീകരണ കാലയളവുൾപ്പെടുത്തി KWA യുമായി കരാർ ചമച്ചിട്ടില്ല.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

ജലക്ഷാമം രൂക്ഷമായ സാഹചര്യമായതിനാൽ KWA ക്ക് അടിയന്തിരമായി തുക കൈമാറേണ്ടിയിരുന്നു.ആയതിനാൽ കരാറിലേർപ്പെടാൻ സാധ്യമായില്ലായെന്നാണ് രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (11.5.2019ലെ അന്വേഷണ നം.6)ഭാവിയിൽ ഇത്തരം വീഴ്ച്ച ഉണ്ടാവില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റുകളിലൂടെ താഴെ പറയുന്ന വിഹിതങ്ങൾക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കണ്ടതാണ് :

പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ :

f)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO150/18 |
| പേര് | കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ<br>മാലിന്യ സംസ്കരണവുമായി 2 ട്രാക്ടർ വാങ്ങുന്നതിന് ബ്ലോക്ക് വിഹിതം - നൽകൽ |
| അടങ്കൽ | 6,00,000/- രൂപ (വികസന ഫണ്ട്) |
| ബിൽ നം./ തിയ്യതി | ചെലവ് |
| 47/17-18/09/03/18 | 6,00,000/- |

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അക്കൗണ്ട് നം.79901140000 1632 ലേക്ക് NEFT മുഖേന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ചില സാങ്കേതിക തടസ്സങ്ങളാൽ പദ്ധതി നിർവ്വഹിക്കുവാനായില്ലായെന്ന് 22.11.2018 ലെ എ5/8581/2018 കത്ത് മുഖേന കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

g)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO030/18 |
| പേര് | പട്ടഞ്ചരി ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രമെറ്റോറിയം പണിയുന്നതിന് ബ്ലോക്ക് വിഹിതം നൽകൽ |
| വികസന ഫണ്ട്(പൊതു വിഭാഗം) | 20,00,000 /- |
| ബിൽ നം./ തിയതി | ചെലവ് |
| 46/17- | 20,00,000/- |

| | |
|---|---|
| 18/13/03/2018 | |

പ്രസ്തുത വിഹിതം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 79901140000 1525 അക്കൗണ്ടിലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.ബ്ലോക്ക് വിഹിതത്തിൽ 2,00,000/- രൂപയിൽ നിന്നും പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 15,60,000/- രൂപ 6.10.18 ലെ കത്ത് മുഖേന വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്.ബാക്കി തുകയായ 4,40,000/- രൂപയുടെ U.C. നിലവിൽ നൽകപെട്ടിട്ടില്ല.

h)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0141/18 |
| പേര് | പുതുനഗരം ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ ശാല കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 11,59,400/- രൂപ (വികസന ഫണ്ട്) |
| ബിൽ നം./ തിയ്യതി | ചെലവ് |
| 60/17-18/24/3/18 | 11,59,400/- |

പുതുനഗരം ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ ശാല കെട്ടിട നിർമ്മാണത്തിനായി പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നം.79901140000 1530 ലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

i)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0031/17-18 |
| പേര് | കൊല്ലങ്കോട് പഞ്ചായത്തിൽ ഗ്യാസ് ക്രിമെറ്റോറിയം പണിയുന്നതിന് ബ്ലോക്ക് വിഹിതം നൽകൽ. |
| അടങ്കൽ(വികസന ഫണ്ട്) | 20,98,600/- |
| ബിൽ നം./ തിയ്യതി | ചെലവ് |
| 29/17-18/13/12/2017 | 20,98,600/- |

കൊല്ലങ്കോട് പഞ്ചായത്തിൽ ഗ്യാസ് ക്രിമെറ്റോറിയം പണിയുന്നതിനായി പ്രസ്തുത പഞ്ചായത്തിന്റെ അക്കൗണ്ട് നം.79901140000 2200 ലേക്ക് NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

j)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0029/18 |
| പേര് | പാലിയേറ്റീവ് കെയർ ബ്ലോക്ക് ഷെയർ (ജനറൽ) |
| അടങ്കൽ | 14,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 09/17-18/24/07/17 | 14,00,000/- |

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 7 ഗ്രാമപഞ്ചായത്തുകളിലേക്കായി 2,00,000/- രൂപ വീതം ആകെ 14,00,000/- രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി അക്കൗണ്ടുകളിലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.ഇതിൽ മുതലമട ഗ്രാമപഞ്ചായത്തിലേക്ക് അവരുടെ ട്രെഷറി അക്കൗണ്ട് നം.799011400001171 ലേക്ക് NEFT മുഖേന 2,00,000/- രൂപ കൈമാറിയതിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

a) to j) യിലൂടെയുള്ള വിവിധ പ്രൊജക്റ്റുകൾ പ്രകാരം നൽകിയ ആകെ വിഹിത്തിൽ ഭാഗികമായി വിനിയോഗിച്ചതായി ഓഡിറ്റ് വേളയിൽ വിശദീകരിച്ചിട്ടുണ്ട്.വിവിധ ആവശ്യങ്ങൾക്കായി നൽകിയ വിഹിതങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങിൽ നിന്നും U.C ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് രേഖാമൂലവും വിശദീകരിച്ചിട്ടുണ്ട്.(ലെ അന്വേഷണ നം.)

<u>ഓഡിറ്റ് നിർദ്ദേശം</u>

1)ക്രമ നം. a,b,c,d,e,f,g,h,i,jഎന്നിവയിലൂടെയുള്ള പ്രൊജക്റ്റുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നല്കിയ വിഹിതങ്ങൾക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-6 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 37 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 88 പ്രൊജക്ടുകൾക്ക് അംഗീകാരം

ലഭ്യമാക്കിയെങ്കിലും 55 എണ്ണത്തിന് മാത്രമേ ചെലവുള്ളൂ. വകയിരുത്തിയ 105173494/- രൂപയിൽ 27231282/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 25.89% തുക മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. മെയിന്റനൻസ് റോഡിതര ഗ്രാന്റ് വകയിരുത്തിയ തുകയുടെ 23.86% , പ്ലാൻ ജനറൽ 50%, പ്ലാൻ SCP- 33.82%, പ്ലാൻ TSP-10.8% എന്നിങ്ങനെ മാത്രമേ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. തനതു ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 3 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടാണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ - പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. പേജ് 32 ന ശേഷം എ.എക്സ്.ഇ. ഒപ്പുവെയ്ക്കുന്നില്ല. അംഗീകരിച്ച കരാറുകാരന്റെ വിവരങ്ങൾ എല്ലാത്തിലും ചേർത്തിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ open ചെയ്യുന്ന സമയത്ത് ഹാജരുണ്ടായിരുന്ന കരാറുകാരുടെ ഒപ്പ് എല്ലാത്തിലും ഇല്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിച്ചിട്ടില്ല.

- പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി സെലക്ഷൻ നോട്ടീസിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പൂർണ്ണമായും ചേർത്തിട്ടില്ല.
- ഇ-ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാർ സമർപ്പിക്കുന്ന മുഴുവൻ രേഖകളും എല്ലാ ഫയലിലും സൂക്ഷിക്കുന്നില്ല.
- പല പ്രവൃത്തികളുടേയും എഗ്രിമെന്റിലും സപ്ലിമെന്ററി എഗ്രിമെന്റിലും വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല. പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പ്രവൃത്തി സ്ഥലത്ത് Name Board വെക്കുന്നില്ല.
- കുടിവെള്ള പദ്ധതികളിൽ ഓവർ ഹെഡ് ടാങ്ക് ഉൾപ്പെടുത്തുന്നില്ല.
- എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ എല്ലാ പ്രവൃത്തികളിലും കംപാരറ്റിവ് സ്റ്റേറ്റ്മെന്റിൽ അതിന്റെ ആവശ്യകത ചേർക്കുന്നില്ല.
- എല്ലാ പ്രവൃത്തികളിലും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചേർക്കുന്നില്ല.

3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിലാണ് റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടത് .

5. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ നാളിതു വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.2019) ലഭ്യമായ മറുപടിയിൽ സാമ്പത്തിക വർഷത്തിന്റെ അവസാന പാദങ്ങളിൽ വെച്ച പദ്ധതികൾക്ക് പൂർത്തീകരിക്കുന്നതിന് മതിയായ സമയം ലഭ്യമായില്ല എന്നും ചില പദ്ധതികൾ ഇറിഗേഷൻ വകുപ്പിന്റെ അനുമതി കിട്ടുന്നതിന് കാലതാമസം എടുത്തതിനാൽ വൈകി എന്നും അപാകതകൾ പരിഹരിക്കുന്നതുമാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്.

വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്കും നിർവ്വഹണം നടക്കാൻ

സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 VAT, KCWWF ,IT എന്നിവ ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ ഫൈനൽ ബില്ലിൽ നിന്നും ഉപയോഗിച്ച ബിറ്റുമിന്റെ കാലി ബാരലിന്റെ വില ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവു ചെയ്യുകയും ബാക്കി തുകയെ അടിസ്ഥാനമാക്കി VAT, KCWWF ,IT എന്നിവ കണക്കാക്കി ഈടാക്കുകയും ചെയ്യുതിനാൽ ഈയിനങ്ങളിൽ തുക കുറവായിട്ടാണ് അടവാക്കിയിട്ടുള്ളത്. കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1. മാങ്ങോട് പനിക്കുളമ്പ് കൊളോട് റോഡ് റീടാറിംഗ്, പുതുനഗരം( 79/17 )

ബിൽനം.- 7/30.06.2017- 490701/-

അളവുപുസ്തകം - 13/16-17

കരാറുകാരൻ - സമീന

ആകെ പ്രവൃത്തിമൂല്യം-498201 /-

ബാരൽ വില കുറവ് ചെയ്യുത്-7500

<table>
<tr><th>ഇനം</th><th>ഈടാക്കിയത്</th><th>ഈടാക്കേണ്ടത്</th><th>കുറവ്</th></tr>
<tr><td>വാറ്റ് @4%</td><td>19628</td><td>19928</td><td>300</td></tr>
<tr><td>ആദായനികുതി @1%</td><td>4907</td><td>4982</td><td>75</td></tr>
<tr><td>നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1%</td><td>4907</td><td>4982</td><td>75</td></tr>
<tr><td colspan="3">ആകെ</td><td>450</td></tr>
</table>

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 6.07.18മുതൽ 7.07.18 വരെ | കെ.എസ്.എ.പി.കെ.ഡി 21/1905(4)/18 തീയതി 29.09.18 |

2. കേരളപുരം പാലോട് നവക്കോട് റോഡ് ടാറിംഗ്,കൊടുവായൂർ(24/18 )

ബിൽനം.- 37/05.03.2018 - 461929/-

അളവുപുസ്തകം - 40/16-17

കരാറുകാരൻ -M/s കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

ആകെ പ്രവൃത്തിമൂല്യം- 467116

ബാരൽ വില കുറവ് ചെയ്തത്- 5187

| ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| വാറ്റ് | - | - | - |
| ആദായനികുതി@2% | 9239 | 9342 | 103 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1% | 4619 | 4671 | 52 |
| ആകെ | | | 155 |

3. വടകര കരിപ്പാലി റോഡ് പുനരുദ്ധാരണം,പട്ടഞ്ചേരി(82/17)

ബിൽനം.- 17/17-18/ .6 .17 - 439810/-

അളവുപുസ്തകം - 17/16-17

കരാറുകാരൻ - എം. സുരേഷ്

ആകെ പ്രവൃത്തിമൂല്യം- 444810/-

ബാരൽ വില കുറവ് ചെയ്തത്-5000

| ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| വാറ്റ്@4% | 17592 | 17792 | 200 |
| ആദായനികുതി<br>@1% | 4398 | 4448 | 50 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1% | 4398 | 4448 | 50 |
| ആകെ | | | 300 |

4. പെരുവെമ്പ് കൃഷിഭവൻ ആശാരിക്കുളമ്പ് റോഡ്( 64/17)

ബിൽനം.- 8/17-18/ .6.17 - 568690/-

അളവുപുസ്തകം - 9/16-17

കരാറുകാരൻ - സി.കണ്ടൻകുട്ടി

ആകെ പ്രവൃത്തിമൂല്യം- 574940/-

ബാരൽ വില കുറവ് ചെയ്തത്- 6250

| ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| വാറ്റ്@4% | 22748 | 22998 | 250 |
| ആദായനികുതി @1% | 5687 | 5749 | 62 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1% | 5687 | 5749 | 62 |
| ആകെ | | | 374 |

ആകെ കുറവു വന്ന തുക 1279/- രൂപ അതാത് കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

# 3-8 സ്പിൽ ഓവർ പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല

2017-18 ൽ സ്പിൽ ഓവർ ആയി അംഗീകാരം ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളിൽ താഴെ പറയുന്നവ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല. 12-ാം പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം സ്പിൽ ഓവർ പ്രവത്തികൾ അവ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമാണ്. (ഓഡിറ്റ് എൻക്വയറി നം.13/15.05.2019)

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ | മറുപടി ലഭിച്ചത് |
|---|---|---|---|
| 1. | 17/18- പറമ്പിക്കുളം പൂപ്പാറ കുടി വെള്ള പദ്ധതി ,മുതലമട | 500046 | ആരും ടെണ്ടർ എടുക്കാൻ തയ്യാറാകാതിരുന്നതിനാൽ ഉപേക്ഷിച്ചു. |
| 2. | 50/18-കൊടുവായൂർ സാമൂഹികാരോഗ്യകേന്ദ്രം പുനരുദ്ധാരണം | 1300000 | പഴയവാട്ടർ ടാങ്ക് പൊളിക്കുന്നതിലെ തടസ്സം മൂലം വൈകി |
| 3. | 52/18- കാട്ടുപാടം കുടിവെള്ളപദ്ധതി , മുതലമട | 500000 | രണ്ടു ബോർവെൽ കുഴിച്ചെങ്കിലും വെള്ളം കണ്ടില്ല. പകരം സംവിധാനം കണ്ടെത്തേണ്ടി |

| | | | |
|---|---|---|---|
| | | | വന്നു. നിലവിൽ പൂർത്തീകരിച്ചു. |
| 4. | 65/18- ചാത്തൻപാറ SC കോളനി റോഡ് ടാറിംഗ് ,കൊല്ലങ്കോട് | 500000 | കരാറുകാരന്റെ ഭാഗത്തെ വീഴ്ച. നിലവിൽ പൂർത്തീകരിച്ചു. |
| 5. | 76/18-വട്ടച്ചിറ ലിഫ്റ്റ് ഇറിഗേഷൻ ,വടവന്നൂർ | 2700000 | പ്രാദേശിക തർക്കം, കോടതിയിൽ കേസ് എന്നിവ മൂലം വൈകി, ആരും ടെണ്ടർ എടുക്കാൻ തയ്യാറാകാതിരുന്നതിനാൽ നിലവിൽ ഉപേക്ഷിച്ചു. |
| 6. | 131/18-നന്ദിയോട് CHC പുനരുദ്ധാരണം | 800000 | കരാറുകാരന്റെ ഭാഗത്തെ വീഴ്ച. നിലവിൽ പൂർത്തീകരിച്ചു. |
| 7. | 137/18-കൊടുവായൂർ വൃദ്ധസദനം നിർമ്മാണം (2014-15 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രൊജക്റ്റിനു പകരം) | 32668850 | സ്ഥലത്തിന് KLU ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

# 3-9 അസിസ്റ്റന്റ് എക്സി.എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എക്സി. എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. എെ അക്കൗണ്ട് നം. 3715733103-2) 03.02.2019 ന് 432526/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 247770/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില 11.06.2018ന് അസി. എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 കറുകമണി കാഡ കനാൽ,പെരുവെമ്പ് (97/17)-പ്രവൃത്തി ടെണ്ടർ നടപടികളിലെ അപാകതകൾ

ബിൽനം.- 20/17-18/8 .9 .17 - 1156441/-

അളവുപുസ്തകം - 133/2013-14

കരാറുകാരൻ - മനോജ്.കെ.

മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- 27.03.17 ന് ടെണ്ടർ ചെയ്ത മേൽ പ്രവൃത്തിയിൽ കുറവു നിരക്ക് ക്വോട്ടു ചെയ്ത കരാറുകാരൻ ടെണ്ടർ രേഖകളുടെ ഹാർഡ് കോപ്പി ഹാജരാക്കാത്തതിനാൽ ടെണ്ടർ 31.3.17 ന് അംഗീകരിക്കപ്പെട്ടിട്ടില്ല.
- കരാറുകാരന് ടെണ്ടർ രേഖകളുടെ ഹാർഡ് കോപ്പി നിശ്ചിതസമയത്തിനകം ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയോ അല്ലാത്ത പക്ഷം ടെണ്ടർ നിരസിക്കുന്നതാണെന്ന് അറിയിപ്പ് കൊടുക്കുകയോ ചെയ്തിട്ടില്ല. .

- കരാറുകാരൻ എന്നാണ് ടെണ്ടർ രേഖകളുടെ ഹാർഡ് കോപ്പി ഹാജരാക്കിയത് എന്ന് രേഖകളിലില്ല.
- പിന്നീട് 04.05.2017 ന മാത്രമാണ് എ.എക്സ്.ഇ പഞ്ചായത്തിലേക്ക് മേൽപ്പറഞ്ഞവ ലഭ്യമായതായി കത്തുനൽകുന്നത്.
- ഇതോടൊപ്പം ടെണ്ടർ ചെയ്ത പ്രവൃത്തികൾ 31.3.17 ന് എഗ്രിമെന്റ് വെച്ചപ്പോൾ മേൽ പ്രവൃത്തി 6.5.17 ലെ 3(2) തീരുമാനപ്രകാരം അംഗീകരിച്ച് കരാർ വെച്ചത് 19.05.17 ന് മാത്രമാണ്.

നടപടിക്രമങ്ങളിൽ കാലതാമസം വന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.2019) ലഭ്യമായ മറുപടി ടെണ്ടർ തുറന്ന ദിവസം കരാറുകാരൻ ടെണ്ടർ രേഖകളുടെ ഹാർഡ് കോപ്പി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയെന്നും പിന്നീട് ഹാജരാക്കിയപ്പോൾ (എന്ന് ഹാജരാക്കി എന്ന് മറുപടിയിൽ ഇല്ല) സ്പിൽ ഓവർ പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനമാകാത്തതു കാരണമാണ് നടപടിക്രമങ്ങൾ വൈകിയത് എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രൊജക്റ്റ് നിർവ്വഹണത്തിലെ നടപടിക്രമങ്ങളിൽ അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.
- ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ തുറക്കുന്ന ദിവസം കരാറുകാർ ടെണ്ടർ രേഖകൾ പൂർണ്ണമായി സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം അവ പരിഗണിക്കുന്നതല്ലെന്നും ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കേണ്ടതുമാണ്.

# 3-11 നന്ദിയോട് CHC പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരണത്തിന് കാലതാമസം

നന്ദിയോട് CHC പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2015-16,2016-17 വർഷങ്ങളിലായി രണ്ടു പ്രവൃത്തികൾ വെച്ചിട്ടുള്ളത് പൂർത്തീകരണത്തിന് വളരെയധികം കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | 2015-16 ലെ | 2016-17 ലെ പ്രൊജക്റ്റ് |
|---|---|---|

| | | |
|---|---|---|
| | പ്രൊജക്റ്റ് | |
| പ്രൊജക്റ്റ് നം. | 99/15-16 | 49/16-17 |
| അടങ്കൽ | 800000 | 1693000 |
| ടെണ്ടർ | 26.9.15/28.5.16 (റീടെണ്ടർ ) | 27.3.17 |
| എഗ്രിമെന്റ് വെച്ചത് | 01.07.2016 (എഗ്രിമെന്റ് വൈകിയതിന് പിഴ ഈടാക്കിയിട്ടുണ്ട്.) | 01/21.04.2017 (എഗ്രിമെന്റ് വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല) |
| കരാറുകാരൻ / ടെണ്ടർ തുക | എ.സുരേഷ് -799176/- | ഷാജി.എസ്./1300019. |
| പ്രവൃത്തി വിശദാംശങ്ങൾ | നന്ദിയോട് CHC യിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ | സ്റ്റാഫ് ക്വാർട്ടേഴ്സ് റിപ്പയർ ,ട്രസ്സ് വർക്ക്, പുതിയ ജീപ്പ് ഷെഡ് നിർമ്മാണം, കോംമ്പൗണ്ട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടത് | 31.03.2017 | തീയതി ഇല്ല |
| പൂർത്തീകരിച്ചത് | 22.10.2018 (18 മാസങ്ങൾക്കു ശേഷം) | നാളിതുവരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.2019) ലഭ്യമായ മറുപടി ആദ്യ പ്രവൃത്തി കരാറുകാരന്റെ ഭാഗത്തെ വീഴ്ച മൂലമാണ് വൈകിയത് എന്നും പിഴ ഈടാക്കിയിട്ടുണ്ട് എന്നുമാണ്. രണ്ടാം പ്രവൃത്തിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.14/17.05.2019) വിശദീകരണം ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തി നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാതിരുന്നാൽ പല പ്രാവശ്യം മുന്നറിയിപ്പ് നോട്ടീസ് നൽകുക മാത്രമല്ലാതെ താഴെ പറയുന്ന നടപടികളും സ്വികരിക്കാവുന്നതാണ്.
- 01.02.2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.1. , 2, പ്രകാരം കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ചക്കും ലിക്വിഡേഷൻ ഡാമേജ് ഈടാക്കി കരാർ റദ്ദാക്കാവുന്നതാണ്.

- കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാർ കാലയളവിനകം അപേക്ഷ നൽകാതിരുന്നാലും കരാർ റദ്ദാക്കാവുന്നതാണ്.
- കരാർ റദ്ദ ചെയ്ത് ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി മറ്റു വിധത്തിൽ പൂർത്തീകരിക്കാവുന്നതാണ്.
- സാമൂഹികാരോഗ്യകേന്ദ്രം പോലെ അവശ്യസേവനത്തിനുള്ള സ്ഥാപനങ്ങളിലെ അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതിഎന്നിവർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-12 31.03.17 നകം പൂർത്തീകരിക്കേണ്ട പദ്ധതികളിൽ സമയം ദീർഘിപ്പിച്ചത് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.7.2017 ലെ 11-ാം നമ്പർ തീരുമാനപ്രകാരം "2016-17 സാമ്പത്തിക വർഷത്തിൽ വിവിധ കാരണങ്ങളാൽ ടെണ്ടർ നടപടികൾ ഉൾപ്പെടെ വൈകിയ പ്രത്യേക സാഹചര്യം മൂലം ഏറ്റെടുത്ത പ്രവത്തികൾ 2017 മാർച്ച് 31 നകം പൂർത്തീകരിക്കുന്നതിന് പല കരാറുകാർക്കും സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 31 മാർച്ച് 2017 പൂർത്തീകരണത്തീയതിയായി നൽകിയിട്ടുള്ള 2016-17 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് പിഴ കൂടാതെ 2017 ജൂലൈ 31 വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് തീരുമാനിച്ചു. "

എന്നാൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്ന സംഗതിയിൽ കാലാവധിക്കു മുമ്പായി കരാറുകാരൻ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അത്തരം അപേക്ഷയിന്മേൽ കൃത്യമായ അന്വേഷണം നടത്തി നിർവ്വഹണോദ്യോഗസ്ഥൻ ഉചിതമായ ശുപാർശ നൽകേണ്ടതാണ്. പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

31.03.17 നകം പൂർത്തീകരിക്കേണ്ട പദ്ധതികളിൽ സമയം ദീർഘിപ്പിച്ചതിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

- കരാറുകാർ ഒറിജിനൽ കാലാവധിക്കകം പൂർത്തീകരണത്തിന് അപേക്ഷ നൽകിയതായി രേഖയില്ല.

- സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല .
- ഒറിജിനൽ സമയത്തിന്റെ 50% ൽ അധികം സമയം അനുവദിച്ചു.
- പല പ്രവൃത്തികളിലും നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ ഇല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 3-13 എഗ്രിമെന്റ് വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

പ്രവൃത്തി -നന്ദിയോട് സാമൂഹികാരോഗ്യകേന്ദ്രം പുനരുദ്ധാരണം(49/17)

പി.എ.സി. - 1300019/-

ചെലവ്- ബിൽ നം .48/14.3.18 , തുക – 343850/-

അളവു പുസ്തകം- 139/13-14

കരാറുകാരൻ- ഷാജി.എസ്.

എഗ്രിമെൻറ് നം- 01/21.4.17

25.03.17 ന് ഇ-ടെണ്ടർ ചെയ്തിട്ടുള്ള മേൽ പ്രവൃത്തിയുടെ തുറന്നത് 30.03.17 നും കുറഞ്ഞ നിരക്കുള്ള ടെണ്ടർ ഭരണസമിതി അംഗീകരിച്ചത് 31.3.17 (തീരുമാനം 1)നും ആണ്. ഭരണസമിതി ടെണ്ടർ അംഗീകരിക്കുന്നതിനോടൊപ്പം "കരാറുകാരുമായി അടിയന്തിര സ്വഭാവം പരിഗണിച്ച് 31.3.17 ന് തന്നെ എഗ്രിമെന്റ് വെക്കുന്നതിന് AEE യെ ചുമതലപ്പെടുത്തി തീരുമാനിച്ചു". എന്നാൽ മേൽ പ്രവൃത്തി മാത്രം എഗ്രിമെന്റ് വെച്ചത് 21.4.17 നാണ്. അടിയന്തിര സ്വഭാവം പരിഗണിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള കരാർ തുകയുടെ 1% പിഴ 13000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-14 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ലഭ്യമായ

# ഉപകരണങ്ങൾ ക്വട്ടേഷൻ മുഖാന്തിരം വാങ്ങിയത് .

| | |
|---|---|
| പ്രൊജക്ട് നം | 170/18 കൊടുവായൂർ സി എച്ച് സിയിലേക്ക് ആശുപത്രി ഉപകരണങ്ങൾ,മരുന്ന് മുതലായവ വാങ്ങൽ |
| അടങ്കൽ | 200000 (മെയിന്റനൻസ്-നോൺ റോഡ് ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ -സി എച്ച് സി കൊടുവായൂർ |
| ബിൽ നം | 16/18 തീ.13.03.2018 തുക 46256/- |

കൊടുവായൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് ബൈനോക്കുലർ മൈക്രോസ്കോപ്പ്,കലോറി മീറ്റർ,സെൻട്രീഫ്യൂജ് ട്യൂബ് ,മരുന്നുകൾ എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ലഭ്യമല്ല എന്ന് ഉറപ്പുവരുത്താതെ (നോൺ അവൈലബിലിറ്റി സർട്ടീഫിക്കറ്റ് ) ക്വട്ടേഷൻ ക്ഷണിക്കുകയും (നം.എ3/114/17 തീ.01.02.2018 )ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ MEDISOMATIC കൊടുവായൂർ എന്ന സ്ഥാപനത്തിൽനിന്നും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം എം എസ്/ജി എസ്.ടി/664/23.02.2018 തുക 46256/-) നിർവ്വഹണ ഉദ്യോഗസ്ഥ തൻവർഷം നടപ്പിലാക്കിയ 163/18 കൊടുവായൂർ സി എച്ച് സിയിലേക്ക് കമ്പ്യൂട്ടർ,ഫർണീച്ചർ,മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി വാട്ടർ പ്യൂരി ഫയർ വാങ്ങുന്നതിനായി ഹാജരാക്കിയ നോൺ അവൈലബിലിറ്റി സർട്ടീഫിക്കറ്റ് നം.KMSCL/EP/104/2016 dt 01.02.2018 പ്രകാരം 02/2018 ൽ ലഭ്യമായ ലബോറട്ടറി ഉപകരണങ്ങളുടെ പട്ടികയിൽ ബൈനോക്കുലർ മൈക്രോസ്കോപ്പ്,കലോറി മീറ്റർ,സെൻട്രീഫ്യൂജ് ട്യൂബ് എന്നീ ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് (ക്രമ നം 79,81,82) തൻവർഷം പ്രൊജക്ട് നം. 145/18 പ്രകാരം നന്ദിയോട് സി എച്ച് സി മെഡിക്കൽ ഓഫീസർ ടി സ്ഥാപനത്തിലേക്ക് ബൈനോക്കുലർ മൈക്രോസ്കോപ്പ് KMSCLയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട് .വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഉപകരണം | KMSCL പ്രകാരം വില | ക്വട്ടേഷൻ പ്രകാരം വില | അധികം നൽകിയത് |
|---|---|---|---|
| ബൈനോക്കുലർ മൈക്രോസ്കോപ്പ്, | 20984 ( യൂണിവേഴ്സൽ ഏജൻസീസ് തൃശ്ശൂർ) | 27140 | 6156 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന രണ്ട് സി എച്ച് സി കളിൽ , KMSCLയിൽ ലഭ്യമായിരുന്ന ഒരേ ഇനം ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് പകരം ക്വട്ടേഷൻ മുഖാന്തിരം KMSCLയിലെ നിരക്കിനേക്കാൾ അധികരിച്ച് വാങ്ങിയത് ക്രമപ്രകാരമല്ല. പ്രസ്തുത വാങ്ങലുകൾക്ക് ബ്ലോക്ക് പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി എന്നിവയുടെ അനുമതി ലഭ്യമായതായി ബന്ധപ്പെട്ട മിനുട്സുകൾ പരിശോധിച്ചതിൽ കാണുന്നില്ല.ആയതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി എന്നിവയുടെ അനുമതിയില്ലാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ലഭ്യമായ ലബോറട്ടറി ഉപകരണങ്ങൾ ക്വട്ടേഷൻ മുഖാന്തിരം ഉയർന്ന നിരക്കിൽ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/10.05.2019) ലാബ് ടെക് നീഷ്യന് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ഉള്ള ബൈനോക്കുലർ മൈക്രോസ്കോപ്പ് KMSCL യിൽ ലഭ്യമല്ലാത്തതുകൊണ്ടാണ് ക്വട്ടേഷൻ മുഖാന്തിരം വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ആയതിനെ സാധൂകരിക്കുന്ന വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഉപകരണങ്ങളുടെ സ്പെസിഫിക്കഷൻ, ലഭ്യത എന്നിവ KMSCL യിൽ ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ടെണ്ടർ/ ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ ബ്ലോക്ക് പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി എന്നിവയുടെ അനുമതിക്ക് വിധേയമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

# 3-15 കൊടുവായൂർ വൃദ്ധ വികലാംഗ സദനം കെട്ടിട നിർമ്മാണം- നാളിതുവരെയായും പ്രവൃത്തി

# ആരംഭിച്ചിട്ടില്ല-പദ്ധതി ഫണ്ട് നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | കൊടുവായൂർ വൃദ്ധ വികലാംഗ സദനം കെട്ടിട നിർമ്മാണം |
| അടങ്കൽ | സാമൂഹ്യ നീതി വകുപ്പ് 26550000<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം 4118850<br>ജില്ലാ പഞ്ചായത്ത് വിഹിതം 2000000<br>ആകെ - 32668850 |
| നിർവ്വഹണം | അസി.എക്സി എഞ്ചിനീയർ |
| ഭരണാനുമതി | 440/2014/DPC/PKD തീ. 18.07.14 |
| സാങ്കേതികാനുമതി | DB 3/6645/15/CE/LSGD dt 10.09.15 – 29430730 രൂപ |
| കരാറുകാരൻ | റുബീകോൺ പ്രൊജക്ട് മാനേജ്മെന്റ് കൊച്ചി |
| കരാർ നം. | 43/AE/LSGD/DP/KLGD/BLOCK /16-17 dt.04.01.2017 |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കൊടുവായൂർ വൃദ്ധ വികലാംഗ സദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 2012-13 വർഷത്തിൽ 3850000 രൂപയും 2013-14 ൽ 1200000 രൂപയും വകയിരുത്തി പ്രൊജക്ട് രൂപീകരിച്ചു. സാങ്കേതികാനുമതിക്ക് ശേഷം ടെണ്ടർ നടത്തുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കൊടുവായൂർ കൺസ്ട്രക്ഷനുമായി 05.02.2013 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 19.04.2013ന് നിർമ്മാണ ഉദ്ഘാടനം നടത്തി. സാമൂഹ്യ നീതി വകുപ്പിൽ നിന്നും (സ.ഉ (സാധാ) നം.516/2013/സാ.നീ.വ തീ.17.10.2013 പ്രകാരം) 26550000 രൂപ (ഡി.ഡി.നം 436676/25.04.2014) ലഭിച്ചതിനെ തുടർന്ന് 30.08.2014 ലെ സാമൂഹ്യനീതി വകുപ്പ് പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യോഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ , ബ്ലോക്ക്പഞ്ചായത്ത് വിഹിതം 4118850 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 2000000 രൂപയും ചേർത്ത് 32668850 രൂപയുടെ പുതിയ പ്ലാൻ,എസ്റ്റിമേറ്റ്,സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനും നിലവിലെ കരാർ റദ്ദ് ചെയ്യുന്നതിനും 24.09.2014 ലെ ഭരണസമിതി യോഗം തീരുമാനിക്കുകയും ചെയ്തു. 32668850 രൂപ അടങ്കലുള്ള പദ്ധതിക്ക് 2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ പ്ലാൻ,എസ്റ്റിമേറ്റ് ഡിസൈൻ എന്നിവ തയ്യാറാക്കിയതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ 906634 രൂപ നൽകിയിട്ടുണ്ട്.കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന കൊടുവായൂർ 1 വില്ലേജിലെ 537/1 നം റീ സർവ്വെ നമ്പറിൽ ഉൾപ്പെട്ട 0.1619 ഹെക്ടർ സ്ഥലം നിലം

(wet land) വിഭാഗത്തിൽ പെടുന്നതാണെന്ന് കൊടുവായൂർ വില്ലേജ് ഓഫീസർ സർട്ടീഫിക്കറ്റ് നൽകിയിട്ടുണ്ട്.ആയതിനാൽ കെ.എൽ.യൂ ലഭിക്കുന്നതിന് കൊടുവായൂർ കൃഷി ഓഫീസർക്ക് ലഭിച്ച അപേക്ഷ സംസ്ഥാനതല അധികൃതസമിതിക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിവർത്തനാനുമതി ലഭിച്ചിട്ടില്ല.കെ.എൽ.യൂ ലഭിക്കുന്നത് സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ എഗ്രിമെന്റ് തുടരാൻ സാധിക്കുകയില്ലെന്നും കരാർ നിക്ഷേപതുക തിരികെ നൽകണമെന്നും റുബീകോൺ പ്രൊജക്ട് മാനേജ്മെന്റ് കൊച്ചി ആവശ്യപ്പെടുകയും 13.02.2019 ലെ 10(1) നം ഭരണസമിതി തീരുമാന പ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി കൊടുവായൂർ ഗ്രാമപഞ്ചായത്തിലോ,കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിലോ സ്ഥലം ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടില്ല.സാങ്കേതികാനുമതി,ടെണ്ടർ എന്നിവ ചെയ്യുന്നതിന് മുൻപ് സ്ഥലത്തിന്റെ നിയമപരമായ എല്ലാ അനുമതികളും ശരിയാണെന്ന് ഉറപ്പാക്കേണ്ടതായിരുന്നു.സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭിച്ച തുക നിക്ഷേപിച്ച കൊല്ലങ്കോട് സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നം 0036053000041224) 31.03.2019 ലെ നീക്കിയിരുപ്പ് തുക പലിശ സഹിതം 31076988 രൂപയായിട്ടുണ്ട്.തുക ലഭിച്ച് 4 വർഷമായിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന് സാമൂഹ്യ നീതി വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. സ്ഥലത്തിന്റെ പരിവർത്തനാനുമതി നാളിതുവരെ ലഭിക്കാത്തതിനാൽ സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭിച്ച തുക പലിശ സഹിതം തിരികെ നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/14.05.2019) 10.05.2019 ന് ചേർന്ന ഭരണസമിതിയോഗത്തിൽ കെ എൽ യൂ ലഭ്യമാകുന്നതിലെ കാലതാമസം ഉണ്ടാകുന്നതിനെപറ്റി സെക്രട്ടറിയേറ്റിൽ അന്വേഷിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രൊജക്ട് കഴിയുന്നതും വേഗം നടപ്പിലാക്കുന്നതിന് പ്രസിഡണ്ടിനെയും സെക്രട്ടറിയേയും യോഗം ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

15.05.2019 ൽ കൊടുവായൂർ വൃദ്ധ വികലാംഗ സദനത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന പരമാവധി അംഗ സംഖ്യ (25 ) യിൽ അധികരിച്ച് നിലവിൽ ആളുകളെ പ്രവേശിപ്പിച്ചതായി കണ്ടു. സ്ഥലപരിമിതിയിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിലും വീർപ്പുമുട്ടുന്ന മേൽ സ്ഥാപനത്തിന് പുതിയ കെട്ടിടം അത്യന്താപേക്ഷിതമാണ്. ആയതിനാൽ അടിയന്തിരമായി കെട്ടിടം പണി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സാമൂഹ്യനീതി വകുപ്പിൽനിന്നും ലഭിച്ച തുക തിരികെ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 കൊടുവായൂർ സി എച്ച്

# സിയിലേക്ക് കമ്പ്യൂട്ടർ,ഫർണീച്ചർ,മറ്റ് ഉപകരണങ്ങൾ വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 163/18 കൊട്ടുവായൂർ സി എച്ച് സിയിലേക്ക് കമ്പ്യൂട്ടർ,ഫർണീച്ചർ,മറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 500000 (മെയിന്റനൻസ്-നോൺ റോഡ്) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ -സി എച്ച് സി കൊട്ടുവായൂർ |

സ.ഉ (എം.എസ്)നം 80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങൾക്ക് സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രസ്തുത മാർഗരേഖയിലെ സമാഹരണ പദ്ധതികൾ എന്ന ഖണ്ഡികയിൽ ( ഖണ്ഡിക സി.(4))ഓഫീസ് ഉപകരണം.ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരു പ്രൊജക്ടിൽ ഉൾപ്പെടുത്തിയ ഒരേ ഇനത്തിലുള്ള സാധനങ്ങൾ ക്വട്ടേഷൻ മുഖാന്തിരം വിവിധ തവണകൾ ആയി വാങ്ങിയതായികാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്വട്ടേഷൻ നം | ഇനം | സ്ഥാപനം | വില | ബിൽ നം/ തീ. |
|---|---|---|---|---|
| എ3/908/2017 തീ 28.10.17 | വാട്ടർ പ്യൂരിഫയർ 2 എണ്ണം | അക്വാ ഗ്രാന്റ് വാട്ടർ സൊല്യൂഷൻ, പാലക്കാട് | 26580 | 05/18 /11.01.2018 |
| എ3/908/2017 തീ 02.11.17 | ടോക്കൺ സിസ്റ്റം 4 എണ്ണം | Invade embedded technologies, Kannur | 25984 | 06/18 /11.01.2018 |
| എ3/908/2017 തീ 06.11.17 | 10എയർപ്പോർട്ട് ചെയർ സ്റ്റീൽ 8അലമാര, 1 കമ്പ്യൂട്ട ടേബിൾ & ചെയർ | പലാൽ ഇന്റർഫേൺ പാലക്കാട് | 99950 | 07/18 /11.01.2018 |
| എ3/908/2017 | ഓട്ടോ ക്ലേവ് | സെൻട്രൽ | 42539 | 12/18 |

| | | | | |
|---|---|---|---|---|
| തീ 04.11.17 | (vertical- medium 3 bin capacity) | സർജ്ജിക്കൽസ് തൃശ്ശൂർ | | /29.01.2018 |
| എ3/908/2017 തീ 07.12.17 | കമ്പ്യൂട്ടർ | പി സി വേൾഡ് പാലക്കാട് | 31700 | 13/18 /16.02.2018 |
| എ3/908/2017തീ 05.02.18 | വാൾക്ലോക്ക് | ജമാൽ& സൺസ് പാലക്കാട് | 7800 | 15/18 /20.02.2018 |
| എ3/908/2017തീ 15.02.18 | 1സ്റ്റീൽ അലമാര, 1 2കമ്പ്യൂട്ട ടേബിൾ | എഫാർ ട്രേഡിംഗ് പട്ടിക്കര | 10600 | 17/18 /13.03.2018 |
| എ3/908/2017 തീ 07.02.18 | 15എയർപ്പോർട്ട് ചെയർ സ്റ്റീൽ | പലാൽ ഇന്റർഫേൺ പാലക്കാട് | 79500 | 18/18 /13.03.2018 |
| എ3/908/2017 തീ 22.02.18 | 10 മെറ്റൽ ചെയർ | എഫാർ ട്രേഡിംഗ് പട്ടിക്കര | 13750 | 19/18 /13.03.2018 |
| എ3/908/2017 തീ 02.11.17 | 1സ്റ്റീൽ അലമാര, 1 2കമ്പ്യൂട്ട ടേബിൾ & 3ചെയർ | പലാൽ ഇന്റർഫേൺ പാലക്കാട് | 23875 | 20/18 /13.03..2018 |
| എ3/875/2017 തീ 08.02.18 | 2 ഇൻവെർട്ടർ എ സി (2 ടൺ) | ദാസ് ഏജൻസീസ് പാലക്കാട് | 96200 | 21/18 /16.03..2018 |
| എ3/908/2017 തീ 15.02.18 | വാട്ടർ പ്യൂരിഫയർ 4 എണ്ണം | അക്വാ ഗ്രാന്റ് വാട്ടർ സൊല്യൂഷൻ, പാലക്കാട് | 55960 | 24/18 /23.03.2018 |

പ്രസ്തുത വാങ്ങലുകൾക്ക് ബ്ലോക്ക് പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി എന്നിവയുടെ അനുമതി ലഭ്യമായതായി ബന്ധപ്പെട്ട മിനുട്സുകൾ പരിശോധിച്ചതിൽ കാണുന്നില്ല.ആയതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി എന്നിവയുടെ അനുമതിയില്ലാതെയും, സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കും,സർക്കാർ ഉത്തരവിനും വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/10.05.2019) ഉപകരണങ്ങൾ വാങ്ങുന്നതിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ചർച്ച ചെയ്യുകയും ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിക്ക് നൽകുകയും ആയവ വാങ്ങുന്നതിന് 28.11.2017 ലെ 8(1) നം തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും, ഭാവിയിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളു എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതുപ്രകാരമുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സാധനങ്ങൾ വാങ്ങുന്നതിന് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഭാവിയിൽ പ്രൊജക്ട് മുഖാന്തിരമുള്ള വാങ്ങലുകൾക്ക് ഭരണസമിതിയുടെ

അംഗീകാരത്തിന് വിധേയമായി പദ്ധതി മാർഗരേഖ,സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്ക് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം33,87,500.00 രൂപ, 88,24,281.00 രൂപ എന്നിവ വരവുണ്ടെങ്കിലും ഇവ ഏതിനങ്ങളിലാണെന്നോ, ഇവയുടെ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വേർതിരിച്ചുള്ള കണക്ക് എഴുതി സൂക്ഷിക്കേണ്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം തീ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KWA | 117/18 ഇടുക്കപ്പാറ | ചെക്ക് നം | 400000 | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | 149819 /09.11.17 | | | |
| | 140/18 കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ചെക്ക് നം 149819 /09.11.17 | 550000 | 0 | 550000 |
| | 139/18 മരുതംപാടം എസ് സി കോളനി കുടിവെള്ള പദ്ധതി | 30/18 തീ 01.01.18 | 500000 | 0 | 500000 |
| | പാപ്പൻപള്ളം എസ് സി കോളനി കുടിവെള്ള പദ്ധതി | 33/18 തീ 11.01.18<br>42/18 തീ 16.02.18 | 500000<br>300000<br>ആകെ 800000 | 0 | 800000 |
| | പാലോട് മാടശ്ശേരി കൊല്ലകൊളമ്പ് എസ് സി കോളനി കുടിവെള്ള പദ്ധതി | 41/18 തീ.16.02.18 | 500000 | 0 | 50000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സർ കെട്ടിട നിർമ്മാണം | നിയമസഭാ സമിതി വിഷയം തീർപ്പാക്കിയിട്ടില്ല |
| | 11 | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 14 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാരജാക്കിയില്ല | |
| 99-00 | 9എ | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 16(3) | | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | | വടവന്നൂർക്കാര പറമ്പ് തോട്ടിൽ തടയണ | |
| | 19 | | | അളവുപുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | | പൈപ്പ് വാങ്ങിയതിലെ ചെലവ് | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,71,58,229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,94,48,023 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 13000 (fine) | സി.ബി.മനോജ്കുമാർ, അസി.എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1279/- | 1124- സി.ബി.മനോജ്കുമാർ, അസി.എക്സി. എഞ്ചിനീയർ<br>155- ടി.കെ. ഹരിദാസൻ,അസി.എക്സി. എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.ബി.മനോജ്കുമാർ, അസി.എക്സി. എഞ്ചിനീയർ | സി.ബി.മനോജ്കുമാർ, അസി.എക്സി.എഞ്ചിനീയർ, നെന്മാറ ബ്ലോക്ക് പഞ്ചായത്ത്. | അമ്പാടി, പൊന്നുകെട്ടിപ്പാറ, കൊല്ലങ്കോട്. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |
| 1999-2000 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | LFP6 /19/06/12-02-2007 | 3 |
| 2001-02 | LFP6/20/06/24-01-2007 | 10 |
| 2002-03 | LFP6/442/06/24-01-16 | 8 |
| 2003-04 | LFP6/923/2007 | 6 |
| 2004-05 | LFP6/924/2007/3-12-07 | 5 |
| 2005-06 | LFP6/925/2007/3-12-2007 | 6 |
| 2006-07 | LFP6/1113/08/6-03-2009 | 5 |
| 2007-08 | LFP8/1273/2011/7-7-12 | 6 |
| 2008-09 | LFP8/1234/ 2011/16-12-11 | 7 |
| 2009-10<br>2010-11 | LFP8/1006/2013/17-03-14 | 10 |
| 2011-12 | LFP8/1949/ 2014/ 04-02-2015 | 10 |
| 2012-13 മുതൽ 2014-15 വരെ | KSA PKD 8/335/2016/ 7-04-16 | 13 |
| 2015-16 | KSA PKD 8/316/2017/ 22-04-17 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ

ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1) Deposit work കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. RP 16 ലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

3) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

6) നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

| Kollengode Block Panchayat<br>INCOME & EXPENDITURE<br>STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 0.0 |
| 140000000 | Fee & User Charges | I-4(b) | 371186.00 |
| 150000000 | Sale & Hire Charges | I-5(b) | 12290.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 133979.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 77629510.00 |
| 171000000 | Interest Earned | I-8 | 1295342.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **79442307.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 1611782.00 |
| 220000000 | Administrative Expenses | I-11(b) | 1095074.00 |
| 230000000 | Operations & Maintenance | I-12(b) | 1429071.00 |
| 240000000 | Interest & Finance Charges | I-13 | 6324.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13446024.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45612383.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7534523.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 109318.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 18623.00 |
| 255000000 | Maintenance Projects | I-14(e) | 6106428.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 15000.00 |
| | **Total Expenditure** | | **76984550.00** |
| | **Gross Surplus/ Deficit of income over Expenditure** | | **2457757.00** |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 1121954.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1335803.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 64825739.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 371186.00 |
| 150000000 | Sale & Hire Charges | RP-5 | 12290.00 |
| 151000000 | Receipts from Transferred Institutions | RP-6 | 133979.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70473969.00 |
| 171000000 | Interest Earned | RP-9 | 1295342.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 48850233.00 |
| 350000000 | Other Liabilities | RP-36 | 184265.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-34 | 99625.00 |
| 410000000 | Fixed Assets | RP-38 | 180077.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 731524.00 |
| | **Grand total** | | **187158229.00** |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1611782.00 |
| 220000000 | Administrative Expenses | RP-12 | 1057224.00 |
| 230000000 | Operations & Maintenance | RP-13 | 1425023.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 13446024.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 45588233.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 7534523.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 109318.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 18623.00 |
| 255000000 | Maintenance Projects | RP-20 | 6106428.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 15000.00 |
| | | | |
| 280000000 | Prior Period item | RP-26 | 1121954.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 478663.00 |
| 350000000 | Other Liabilities | RP-36 | 5888753.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 6324.00 |
| 350000000 | Other Liabilities | RP-36 | 28198.00 |
| 410000000 | Fixed Assets | RP-38 | 12823382.00 |
| 412000000 | Capital work in Progress | RP-40 | 14142933.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 7151854.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 893784.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 67710206.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **187158229.00** |

| Kollengode Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 5915502.00 |
| 312000000 | Reserves | B-3 | 76491342.00 |
| | **Total Reserve & Surplus** | | **82406844.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 67487930.00 |
| | **Total Grants, Contributions for Specific Purposes** | | **67487930.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 326632.00 |
| 350000000 | Other Liabilities | B-9 | 1139328.00 |
| | **Total Current Liabilities and Provisions** | | **1465960.00** |
| | TOTAL LIABILITIES | | **151360734.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 59469981.00 |
| 412000000 | Capital Work in Progress | B-11(a) | 16852434.00 |
| | **Total Fixed Assets** | | **76322415.00** |

| | | | |
|---|---|---|---|
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 13999.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7151854.00 |
| 450000000 | Cash and Bank Balance | B-17 | 67710206.00 |
| 460000000 | Loand, Advances and Deposits | B-18 | 162260.00 |
| | **Total Current Assets, Loans and Advances** | | **75038319.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **151360734.00** |

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ